# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതി

**30.06.2008–ന് ഉച്ചയ്ക്കുശേഷം 2.00 മണിക്ക് കൂടുന്ന യോഗത്തിന്റെ അജണ്ട**

**1. പൊതുവിഷയങ്ങൾ**

1.1 2008–09 വാർഷിക പദ്ധതി അംഗീകാരത്തിനു മുൻപ് പൂർത്തിയാക്കേണ്ട പ്രവർത്തനഘട്ടങ്ങൾ – അവലോകനം

(i) 2007–08–ലെ പുതുക്കിയ നടപടി ഉത്തരവ് പുറപ്പെടുവിക്കൽ
(ii) ഡാറ്റാബേസ് തദ്ദേശഭരണ സ്ഥാപനത്തിലെ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്യൽ
(iii) 2007–08–ലെ ചെലവുകണക്കുകൾ റിപ്പോർട്ട് ചെയ്യൽ
(iv) 2008–09–ലെ സ്പിൽഓവർ പ്രോജക്ടുകൾ ഇലക്ട്രോണിക് രൂപത്തിൽ സമർപ്പിക്കൽ
(v) 2008–09–ലെ ഒന്നാംഘട്ട നടപടി ഉത്തരവ് പുറപ്പെടുവിക്കൽ
(vi) 2007–08–ലെ പരിഹാര തുക, ഷോർട്ട്ഫാൾ എന്നിവ സംബന്ധിച്ച കണക്കുകൾ ആപ്ലിക്കേഷൻ മുഖേന തയ്യാറാക്കൽ

1.2 ജില്ലാ ആസൂത്രണസമിതി നടപടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രം ട്രഷറിയിൽ നിന്ന് ബില്ലുകൾ മാറുന്ന സമ്പ്രദായം 2008 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 03.06.2008 –ലെ സ.ഉ.(സാധാ)1626/ 2008/തസ്വഭവ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. – തുടർ നടപടി

1.3 2008–09 വാർഷിക പദ്ധതി മുതൽ തദ്ദേശഭരണ സ്ഥാപനതലത്തിലാണ് ഡാറ്റാഎൻട്രി പ്രവർത്തനങ്ങൾ നടക്കുന്നത്. ഫോറങ്ങൾ ഡാറ്റാഎൻട്രി ചെയ്തതിനുശേഷം പ്രിന്റ് എടുത്ത് അതിൽ സാക്ഷ്യപ്പെടുത്തി ടി.എ.ജി.ക്ക് സമർപ്പിക്കണമെന്നാണ് നിർദേശം നൽകിയിട്ടു ള്ളത്. ഗ്രാമപഞ്ചായത്തുകളിൽ ഇപ്പോൾ ഡോട്ട്മാട്രിക്സ് പ്രിന്ററാണ് ലഭ്യമായിട്ടുള്ളത്. ഒരു ലേസർ പ്രിന്റർ വാങ്ങുന്നതിനുള്ള അനുമതി ഗ്രാമ പഞ്ചായത്തുകൾക്ക് നൽകാവുന്നതാണെന്ന നിർദേശം.

**2. സബ്സിഡി മാനദണ്ഡങ്ങളുടെ പരിഷ്കരണം**

**I. കാർഷിക മേഖല**

1. *വിത്തുകളും തൈകളും*

നാമമാത്ര, ചെറുകിട കർഷകർക്ക് പച്ചക്കറി വിത്തുകളും നെൽവിത്തുകളും തൈകളും 100% സബ്സിഡിയോടെ നൽകാം. എന്നാൽ മറ്റ് വിത്തുകളും തൈകളും നാമമാത്ര കർഷകർക്ക് മാത്രം അതും 50% മാത്രമേ സബിസിഡി നൽകാൻ കഴിയുകയുള്ളൂ. ഇവ ചെറുകിട കർഷകർക്കു കൂടി അനുവദിക്കാവു

ന്നതാണെന്നും സബ്സിഡി നിരക്ക് 100 ശതമാനമായി വർദ്ധിപ്പിക്കാവുന്നതാണെന്നുമുള്ള നിർദ്ദേശം.

2. *ജൈവ കീടനാശിനികൾ ഉൾപ്പെടെയുള്ള കീടനാശിനികൾ*

നിലവിലുള്ള നിരക്ക് – നാമമാത്ര കർഷകർക്ക് മാത്രം – 50%

(a) ഈ വിഭാഗത്തിൽ കുമ്മായം കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

(b) നിരക്ക് 100 ശതമാനമായി വർദ്ധിപ്പിക്കണമെന്ന് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

3. *പമ്പ് സെറ്റ്*

നിലവിലുള്ള നിരക്ക് – പൊതു വിഭാഗം – 50%
പട്ടികജാതി, പട്ടികവർഗ്ഗം–75%

പഞ്ചായത്ത് അസോസിയേഷൻ നിർദ്ദേശിക്കുന്ന ഭേദഗതി – എല്ലാ വിഭാഗങ്ങൾക്കും 100%

4. കൃഷി പുനരുജ്ജീവനത്തിന് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ ചുവടെയുള്ള സബ്സിഡി നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അവയ്ക്ക് സാധൂകരണം.

(i) വിത്ത്, വളം, കീടനാശിനികൾ മുതലായ ഉത്പാദനോപാധികൾ പമ്പ്സെറ്റുകൾ, സ്പ്രെയറുകൾ, തുടങ്ങിയ കാർഷികോപകരണങ്ങൾ, ട്രാക്ടറുകൾ, ടില്ലറുകൾ, കൊയ്ത്ത്– മെതിയന്ത്രങ്ങൾ തുടങ്ങിയ കാർഷിക യന്ത്രങ്ങൾ എന്നിവ (കുടുംബശ്രീ യൂണിറ്റുകൾക്ക് പുറമെ) കർഷക തൊഴിലാളികളുടെ സംഘങ്ങൾക്കു കൂടി പൊതുവിഭാഗത്തിന് നിശ്ചയിച്ചിട്ടുള്ള സബ്സിഡി നിരക്ക് പ്രകാരം അനുവദിക്കാവുന്നതാണ്.

(ii) റിവോൾവിംഗ് ഫണ്ട് – കർഷക ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയ്ക്ക് പുറമെ കർഷക തൊഴിലാളി ഗ്രൂപ്പുകൾക്ക് കൂടി അനുവദിക്കാവുന്നതാണ്.

5. കൃഷി പുനരുജ്ജീവനത്തിന് നൽകിയ മാർഗ്ഗനിർദ്ദേശങ്ങളിൽ വിള ഇൻഷ്വറൻസ് സ്കീമിന്റെ വിശദാംശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുമെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. – തുടർ നടപടി.

6. പാട്ട വ്യവസ്ഥയിൽ നെൽകൃഷി ചെയ്യുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് മാത്രം ഉഴവ് കൂലിയിനത്തിൽ ഒരു ഏക്കറിന് 1000 രൂപ സബ്സിഡി അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇത് നാമമാത്ര, ചെറുകിട കർഷകർക്കുകൂടി അനുവദിക്കാവുന്നതാണെന്ന നിർദ്ദേശം.

(a) ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ആവശ്യങ്ങൾ
- ഒരു ഹെക്ടറിന് 2000 രൂപ ഉഴവ് കൂലി അനുവദിക്കണം
- കർഷകർ ഉത്പാദിപ്പിക്കുന്ന വളങ്ങൾക്ക് പണം നൽകണം.

(b) കൈപ്പാട് കൃഷി

കണ്ണൂർ ജില്ലയിലെ കൈപ്പാട് (പൊക്കാളി) കൃഷിക്ക് കളനീക്കൽ, കൂനകൂട്ടൽ, നടാൻ പാകമാക്കൽ, നടീൽ, കളപറിക്കൽ, കൊയ്ത്ത് മുതലായ പ്രവർത്തനങ്ങൾക്ക് ഒരു ഹെക്ടറിന് ഏകദേശം 10,000 രൂപയോളം ചെലവുവരുമെന്നതിനാൽ കൃഷി ചെലവിന്റെ 50% സബ്സഡി അനുവദിക്കണമെന്ന് കണ്ണൂർ ജില്ലാ ആസൂത്രണ സമിതിയും ജില്ലയിലെ ചില തദ്ദേശഭരണ സ്ഥാപനങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട്. തരിശു ഭൂമി കൃഷിയോഗ്യമാക്കൽ എന്ന സംസ്ഥാനവിഷ്കൃത പരിപാടി പ്രകാരം ഹെക്ടർ ഒന്നിന് 5000 രൂപ ഈ ചെലവുകൾക്ക് അനുവദിക്കുന്നുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**8. പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ സമർപ്പിച്ച ഭേദഗതി നിർദ്ദേശങ്ങൾ**

1. എല്ലാതരം വിത്തുകളും പമ്പ്സെറ്റ്, സ്പ്രെയർ, രോഗ ബാധിത തെങ്ങ് വെട്ടിമാറ്റി പുതിയ തൈ നടൽ എന്നിവ നാമമാത്ര കർഷകർക്ക് മാത്രം എന്നുള്ളതിന് പകരം ചെറുകിട കർഷകർക്കും പാടശേഖര സമിതികൾക്കും കൂടി കൊടുക്കാവുന്നതാണ് എന്ന് ഭേദഗതി വരുത്തണം.
2. ജൈവവളങ്ങൾക്കും ജൈവകീടനാശിനികൾക്കും 50 % എന്നുള്ളത് 100 % ആക്കണം. ഇതിനു പുറമെ ജൈവ കീട നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിലേക്കും 100 % പ്ലാൻ ഫണ്ട് അനുവദിക്കാമെന്നുള്ളത് മാനദണ്ഡത്തിൽ ഉൾപ്പെടുത്തണം.
3. രജിസ്റ്റർ ചെയ്ത പാടശേഖര സമിതികൾക്കും കർഷക സഹകരണ സംഘങ്ങൾക്കും യന്ത്രസാമഗ്രികൾ 100 % നിരക്കിൽ നൽകാം എന്നത് പാടശേഖരസമിതികളുടെ അപെക്സ് ലവൽ സമിതികൾക്കും നൽകാം എന്ന് ഭേദഗതി വരുത്തേണ്ടതാണ്.
4. പാടശേഖരസമിതികൾക്ക് നിവോൾവിംഗ് ഫണ്ട് ക്യാഷായി തന്നെ വിതരണം ചെയ്യാമെന്ന് ഭേദഗതി വരുത്തണം.
5. ഉഴവുകൂലി, നടീൽകൂലി, കൊയ്ത്ത് കൂലി എന്നിവയ്ക്ക് റിവോൾവിംഗ് ഫണ്ട് നല്കാവുന്നതാണെന്ന് ഭേദഗതി വരുത്തണം.
6. കൃഷിവകുപ്പിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് വിള ഇൻഷൂറൻസ് തുക കൂടി പ്ലാൻ ഫണ്ടിൽ വകയിരുത്താമെന്ന് ഭേദഗതി വരുത്തേണ്ടതാണ്.
7. ഉൽപ്പാദനമേഖലയ്ക്ക് നീക്കിവെക്കുന്ന തുകയുടെ 50 ശതമാനം നെൽകർഷകർക്ക് പ്രത്യക്ഷമായി നൽകുന്ന ഉൽപ്പാദനോപാധികൾക്ക് മാത്രമായി നീക്കിവെക്കണം എന്ന് പ്രത്യേക നിബന്ധന വേണം. (പല സന്ദർഭങ്ങളിലും ഇത് കനാലുകളുടെ സൈഡ്കെട്ടൽ വകകൾക്ക് പോകുന്നുണ്ട്)

8. ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണത്തിനുള്ള ധനസഹായം (നാഷണൽ ബയോഗ്യാസ് ഡവലപ്പ്മെന്റ് പദ്ധതിയിലുള്ള ദീനബന്ധു മോഡൽ etc) പ്ലാൻ ഫണ്ടിൽ വകയിരുത്തണം. സംസ്ഥാന പദ്ധതിയും കേന്ദ്രപദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്.

## II. മൃഗ സംരക്ഷണം

നിലവിലുള്ള മാനദണ്ഡങ്ങൾ

- എസ്.ജി.എസ്.വൈ/എസ്.ജെ.എസ്.ആർ.വൈ നിരക്കുകളും മാനദണ്ഡങ്ങളും (നഗരപ്രദേശങ്ങളിലെ കുടുംബശ്രീ യൂണിറ്റുകൾക്ക് മാത്രം എസ്.ജി.എസ്. വൈ മാനദണ്ഡപ്രകാരം സബ്സിഡി അനുവദിക്കാം)
- ബി.പി.എൽ കുടുംബങ്ങൾക്കുമാത്രം
- യൂണിറ്റ് കോസ്റ്റ് നബാർഡ് നിശ്ചയിക്കുന്നത് പ്രകാരം
- കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകുന്നതിന് കുടുംബശ്രീയുടെ ത്രിഫ്റ്റും പരിഗണിക്കാം

2008–09 വാർഷിക പദ്ധതി മുതൽ ചെറുകിട–നാമമാത്ര ക്ഷീരകർഷകർക്ക് തീറ്റപ്പുൽ വിത്തുകൾ/നടീൽ വസ്തുക്കൾ സൗജന്യമായി അനുവദിക്കാവുന്നതാണെന്ന് 21.02.2008–ന് കൂടിയ CC യോഗം തീരുമാനിച്ചിട്ടുണ്ട്. ഈ തീരുമാനം കൂടി പുതിയ സബ്സിഡി മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്താവുന്നതാണ്.

*പഞ്ചായത്ത് അസോസിയേഷന്റെ ഭേദഗതി നിർദ്ദേശങ്ങൾ* – നബാർഡ് നിരക്കുകൾ കേരളത്തിന്റെ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ല. പശു ഒന്നിന് 11,500 രൂപ എന്നതിന് പകരം 20,000 രൂപയായി വർദ്ധിപ്പിക്കണം.

**മൃഗസംരക്ഷണവകുപ്പ് സമർപ്പിച്ചിട്ടുള്ള ഭേദഗതി നിർദ്ദേശങ്ങൾ**

പാൽ, മാംസം, മുട്ട എന്നിവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പതിനൊന്നാം പദ്ധതിയിലെ ലക്ഷ്യം. നാമമാത്ര–ചെറുകിട കർഷകരെ കാലിവളർത്തലിലേക്ക് ആകർഷിക്കേണ്ടതുള്ളതിനാൽ മൃഗസംരക്ഷണ മേഖലയ്ക്ക്, കൃഷിക്ക് തുല്യമായ പരിഗണന നൽകി സബ്സിഡി മാനദണ്ഡങ്ങൾ ചുവടെ പ്രതിപാദിക്കുന്ന പ്രകാരം പരിഷ്കരിക്കണം.

| **എ.ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി** | **ബി.പി.എൽ** | **എസ്.സി/എസ്.റ്റി** |
|---|---|---|
| 1. അടുക്കള മുറ്റത്തെ താറാവ്/കോഴി വളർത്തൽ | 75% | 75% |
| 2. ആടു വളർത്തൽ | 75% | 75% |
| 3. പശു/എരുമ വളർത്തൽ/തീറ്റ,ഇൻഷ്വറൻസ്, തൊഴുത്ത് മുതലായവ | 75% | 75% |
| 4. കാട/മുയൽ വളർത്തൽ | 75% | 75% |
| 5. ടർക്കി വളർത്തൽ | 75% | 75% |
| പരമാവധി സബ്സിഡി (വ്യക്തികൾക്ക്) | 15,000 | 15,000 |
| ഗ്രൂപ്പ് സംരംഭങ്ങൾക്ക് | 50% | 50% |
| പരമാവധി സബ്സിഡി | 1,25,000 | 1,25,000 |

| ക്രമ നമ്പർ | ബി. ഉൽപാദന വർദ്ധനവിന് | എ.പി.എൽ. /നാമ മാത്ര കർഷകർ (2 ഏക്കർ വരെ യുള്ളവർ) | പരമാവധി തുക |
|---|---|---|---|
| 1. | മുട്ടക്കോഴി എണ്ണം 100/യൂണിറ്റ് | 50% | 5000 |
| 2. | താറാവ് നഴ്സറി | 50% | 10,000 |
| 3. | പാരന്റ് സ്റ്റോക്ക് 250 എണ്ണം/യൂണിറ്റ് | 50% | 25,000 |
| 4. | ആടു വളർത്തൽ (ബ്രീഡിംഗ്)9+1 | 50% | 10,000 |
| 5. | കോഴിക്കുഞ്ഞ് ഹാച്ചറി (എസ്.എച്ച്.ജി) | 50% | 2,50,000 |
| 6. | പന്നി വളർത്തൽ (ബ്രീഡിംഗ്) (9+1) | 50% | 10,000 |
| 7. | മിനി ഡയറി (3–5 പശു/എരുമ) | 50% | 30,000 |
| 8. | പന്നി വളർത്തൽ (10 എണ്ണം) | 50% | 10,000 |
| 9. | പാലുൽപന്നങ്ങൾക്ക് യൂണിറ്റ് | 50% | 20,000 |
| 10. | കാലിത്തീറ്റ മിശ്രണ യൂണിറ്റ് (എസ്.എച്ച്.ജി) | 50% | 1,25,000 |
| 11. | പേവിഷ നിയന്ത്രണ പദ്ധതി | 100% | – |
| 12. | കന്നുകുട്ടിപരിപാലനം | 50% | 7500 |
| 13. | സമാനമായ മറ്റു പദ്ധതികൾ | 50% | 7500 |
| 14. | മുട്ടവിൽപ്പന യൂണിറ്റ് | 50% | 6,000 |
| 15. | ബയോഗ്യാസ് പ്ലാന്റ് | 50% | 10,000 |
| 16. | തൊഴുത്ത് നിർമ്മാണം | 50% | 5,000 |
| 17. | കോഴിക്കൂട് നിർമ്മാണം | 50% | 500 |
| 18. | മീറ്റ് സ്റ്റാൾ/ചിക്കൻ സ്റ്റാൾ (എസ്.എച്ച്.ജി) | 50% | 1,25,000 |
| 19. | മിൽക്കിംഗ് മെഷീൻ | 50% | 25,000 |

ഉൽപ്പാദന മേഖലയുടെ 30% വിഹിതം മൃഗ സംരക്ഷണ പ്രോജക്ടുകൾക്കായി വിനിയോഗിക്കാൻ നിർദ്ദേശം നൽകണം.

## III. മണ്ണ് സംരക്ഷണം

പശ്ചിമഘട്ട വികസന പരിപാടിയുടെ മാനദണ്ഡങ്ങളാണ് (ഹെക്ടറിന് 7500 രൂപ) നിശ്ചയിച്ചിട്ടുള്ളത്. ഇവ 2007–08 വാർഷിക പദ്ധതിക്ക് മാത്രമേ ബാധകമായിരിക്കുകയുള്ളൂവെന്നും പതിനൊന്നാം പദ്ധതിയിലെ ശേഷിക്കുന്ന കാലയളവിൽ നീർത്തട വികസന പരിപാടികൾ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കണമെന്നും അവ പിന്നീട് നിശ്ചയിക്കുമെന്നുമാണ് നിർദ്ദേശിച്ചിരുന്നത്.

## IV.മത്സ്യകൃഷി

### (എ) സമുദ്രമേഖല

| *ക്രമ നം* | *ഇനം* | | *സബ്സിഡിയുടെ കൂടിയ പരിധി* | *സബ്സിഡി മാനദണ്ഡങ്ങൾ* | *അർഹത* |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1. | ചിപ്പി ശേഖരിക്കുന്നതിനുള്ള ഡിങ്കി | നിലവിലുള്ളത് | വിലയുടെ 50 ശതമാനമോ 10,000 രൂപയോ ഏതാണോ കുറവ് അത് | യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 25,000 രൂപ. | ബി.പി.എൽ കുടുംബത്തിലെ യഥാർത്ഥ മത്സ്യതൊഴിലാളി |
| | | ഫിഷറീസ് വകുപ്പ് നിർദ്ദേശിക്കുന്ന ഭേദഗതി | മാറ്റം ആവശ്യമില്ല | മാറ്റം ആവശ്യമില്ല | മാറ്റം ആവശ്യമില്ല |
| | | മത്സ്യഫെഡ് നിർദ്ദേശിക്കുന്ന ഭേദഗതി | മാറ്റം ആവശ്യമില്ല | മാറ്റം ആവശ്യമില്ല | സജീവമായി മത്സ്യബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന പരമ്പരാഗത മത്സ്യതൊഴിലാളി |
| 2. | ഗിൽനെറ്റും ഡിങ്കിയും | നിലവിലുള്ളത് | വിലയുടെ 50 ശതമാനമോ 10,000 രൂപയോ ഏതാണോ കുറവ് അത് | യൂണിറ്റ് കോസ്റ്റിന്റെകൂടിയ പരിധി 25,000 രൂപ. | ബി.പി.എൽ കുടുംബത്തിലെ യഥാർത്ഥ മത്സ്യതൊഴിലാളി |
| | | ഫിഷറീസ് വകുപ്പ് നിർദ്ദേശിക്കുന്ന ഭേദഗതി | മാറ്റം ആവശ്യമില്ല | മാറ്റം ആവശ്യമില്ല | മാറ്റം ആവശ്യമില്ല |
| | | മത്സ്യഫെഡ് നിർദ്ദേശിക്കുന്ന ഭേദഗതി | മാറ്റം ആവശ്യമില്ല | മാറ്റം ആവശ്യമില്ല | സജീവമായി മത്സ്യബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന പരമ്പരാഗത മത്സ്യതൊഴിലാളി |
| 3. | കട്ടമരം | നിലവിലുള്ളത് | വിലയുടെ 50 ശതമാനമോ 10,000 രൂപയോ ഏതാണോ കുറവ് അത് | യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 25,000 രൂപ | ബി.പി.എൽ കുടുംബത്തിലെ യഥാർത്ഥ മത്സ്യതൊഴിലാളി |
| | | ഫിഷറീസ് വകുപ്പ് നിർദ്ദേശിക്കുന്ന ഭേദഗതി | മാറ്റം ആവശ്യമില്ല | മാറ്റം ആവശ്യമില്ല | മാറ്റം ആവശ്യമില്ല |
| | | മത്സ്യഫെഡ് നിർദ്ദേശിക്കുന്ന ഭേദഗതി | മാറ്റം ആവശ്യമില്ല | മാറ്റം ആവശ്യമില്ല | സജീവമായി മത്സ്യബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന പരമ്പരാഗത മത്സ്യതൊഴിലാളി |

| ക്രമ നം | ഇനം | | സബ്സിഡിയുടെ കൂടിയ പരിധി | സബ്സിഡി മാനദണ്ഡങ്ങൾ | അർഹത |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 4. | മത്സ്യബന്ധന വള്ളത്തിന് കടൽ സുരക്ഷാ ഉപകരണം-ഒരു വള്ളത്തിന് | നിലവിലുള്ളത് | വിലയുടെ 50 ശതമാനമോ 10,000 രൂപയോ ഏതാണോ കുറവ് അത് | യൂണിറ്റ് കോസ്റ്റ് ജില്ലാതല ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് നിശ്ചയിക്കുന്നത് പ്രകാരം | ബി.പി.എൽ. കുടുംബത്തിലെ വള്ളം സ്വന്തമായുള്ള യഥാർത്ഥ മത്സ്യതൊഴിലാളി |
| | | ഫിഷറീസ് വകുപ്പ് നിർദ്ദേശിക്കുന്ന ഭേദഗതി | മാറ്റം ആവശ്യമില്ല | മാറ്റം ആവശ്യമില്ല | ബി.പി.എൽ. വ്യവസ്ഥ ഒഴിവാക്കണം |
| | | മത്സ്യഫെഡ് നിർദ്ദേശിക്കുന്ന ഭേദഗതി | മാറ്റം ആവശ്യമില്ല | മാറ്റം ആവശ്യമില്ല | 1)സജീവമായി മത്സ്യബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന പരമ്പരാഗത മത്സ്യതൊഴിലാളി 2) മത്സ്യഫെഡിന്റെ വ്യാസ സ്റ്റോറിൽ നിന്ന് മാത്രമേ വാങ്ങാൻ പാടുള്ളൂ |
| **മത്സ്യഫെഡ് സമർപ്പിച്ചിട്ടുള്ള പുതിയ സബ്സിഡി നിർദ്ദേശങ്ങൾ** | | | | | |
| 5 | പരമ്പരാഗത മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് ഇന്ധന സബ്സിഡി | | ഒരു വർഷം ഒരാൾക്ക് 2500 രൂപ എന്ന നിരക്കിൽ | | (1)ഔട്ട്ബോർഡ്/ ഇൻബോർഡ് എൻജിൻ സ്വന്തമായുള്ള മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യതൊഴിലാളികൾ (2)മത്സ്യഫെഡിന്റെ/ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പനകേന്ദ്രത്തിൽ നിന്നായിരിക്കണം ഇന്ധനം വാങ്ങേണ്ടത് |
| 6 | മത്സ്യബന്ധനത്തിനുള്ള വല നൽകൽ | | ഒരാൾക്ക് 2500 രൂപ നിരക്കിൽ | മൂന്ന് വർഷത്തിനുള്ളിൽ ഒരിക്കൽ മാത്രം | വള്ളം സ്വന്തമായുള്ള മത്സ്യതൊഴിലാളികൾ(മത്സ്യഫെഡിന്റെ വ്യാസ സ്റ്റോറിൽ നിന്നും വാങ്ങണം) |
| 7 | പ്രത്യേക മത്സ്യസമ്പത്തിന്റെ ചൂഷണത്തിന് ധനസഹായം (Assistance for resource specific fishing) | | ഒരു വർഷം 10,000 രൂപ | | ഗിൽ നെറ്റ്/ഹൂക്ക്, ലൈൻ എന്നിവ ഉപയോഗിച്ച് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന ഗ്രൂപ്പുകൾ |

| ക്രമ നം | ഇനം | | സബ്സിഡിയുടെ കൂടിയ പരിധി | സബ്സിഡി മാനദണ്ഡങ്ങൾ | അർഹത |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 8 | ഔട്ട്ബോർഡ് എഞ്ചിൻ, വല എന്നിവ ഉൾപ്പെടെ ഡിങ്കി | | യൂണിറ്റ് കോസ്റ്റിന്റെ 25 ശതമാനം | പരമാവധി വില 1,75,000 രൂപ | 5–7 അംഗങ്ങൾ ഉള്ള ഗ്രൂപ്പ് (ഔട്ട്ബോർഡ് എഞ്ചിൻ, വല എന്നിവ വ്യാസ സ്റ്റോറിൽ നിന്ന് വാങ്ങണം) |
| 9 | തലച്ചുമടായി/ സൈക്കിൾ ഉപ യോഗിച്ച് മത്സ്യ വിപണനം നടത്തുന്ന പുരുഷനും വനിതയ്ക്കും ധനസഹായം | | ഒരാൾക്ക് 2500 രൂപ | പരമാവധി നിക്ഷേപ ചെലവ് 5000 രൂപ | മത്സ്യ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്നവ ർ (വായ്പാ ബന്ധിതമായിരിക്ക ണം) |
| 10 | ചെമ്മീൻ കുഞ്ഞുങ്ങൾ | | ചെമ്മീൻ കുഞ്ഞുങ്ങൾക്ക് 10,000 രൂപ | പരമാവധി കോസ്റ്റ് ഒരു ഹെക്ടറിന് 50,000 രൂപ | ചെമ്മീൻ കർഷകർ |

**(ബി) ഉൾനാടൻ മേഖല**

| ക്രമ നം | ഇനം | | സബ്സിഡിയുടെ കൂടിയ പരിധി | സബ്സിഡി മാനദണ്ഡങ്ങൾ | അർഹത |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | അലങ്കാരമത്സ്യം വളർത്തലും വിപണനവും, അക്വേറിയം രൂപകൽപന മുതലായവ | നിലവിലുള്ളത് | 10,000 രൂപ എന്ന പരിധിക്ക് വിധേയമായി വിലയുടെ 50 ശതമാനം | യൂണിറ്റ് കോസ്റ്റ് ജില്ലാതല ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് നിശ്ചയിക്കുന്നത് പ്രകാരം | ബി.പി.എൽ. കുടുംബത്തിലെ യഥാർത്ഥ മത്സ്യ തൊഴിലാളി/മത്സ്യ കർഷകരിലെ യുവാക്കൾ |
| | | ഫിഷറീസ് വകുപ്പ് നിർദ്ദേശിക്കുന്ന ഭേദഗതി | (1) വ്യക്തികൾക്ക്– ചെലവിന്റെ 50 ശതമാനമോ ഒരു കർഷകന് 10,000 രൂപയോ ഏതാണോ കുറവ് (2) അഞ്ച് അംഗങ്ങളിൽ കുറയാതെയുള്ള ഗ്രൂപ്പിന് ചെലവിന്റെ 50 ശതമാനമോ 50,000 രൂപയോ ഏതാണോ കുറവ് | യൂണിറ്റ് കോസ്റ്റ് ഡി.എൽ.ടി.എ.ജി നിശ്ചയിക്കണം | ബി.പി.എൽ വ്യവസ്ഥ ഒഴിവാക്കണം |
| | | മത്സ്യഫെഡ് നിർദ്ദേശിക്കുന്ന ഭേദഗതി | ചെലവിന്റെ 50 ശതമാനം പരമാവധി 12,000 രൂപ | യൂണിറ്റ് കോസ്റ്റ് ഡി.എൽ.ടി.എ.ജി നിശ്ചയിക്കണം | കുടുംബശ്രീ അയൽകൂട്ട അംഗങ്ങൾ/ സ്വയം സഹായ സംഘങ്ങൾ/ തൊഴിൽ ഗ്രൂപ്പുകൾ |

| ക്രമ നം | ഇനം | | സബ്സിഡിയുടെ കൂടിയ പരിധി | സബ്സിഡി മാനദണ്ഡങ്ങൾ | അർഹത |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 2 | മത്സ്യം വളർത്തലിന് മത്സ്യതീറ്റ (1. മത്സ്യം വളർത്തുന്നതിനുള്ള ഉത്പാദനോപാധികൾ എന്ന് മാറ്റണമെന്ന് ഫിഷറീസ് വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. 2. മത്സ്യം വളർത്തുന്നതിനുള്ള കുളങ്ങൾ ഒരുക്കൽ എന്ന ഇനത്തിന് പ്രത്യേക സബ്സിഡി ആവശ്യമില്ലെന്നും അതുകൂടി ഈ ഇനത്തിൽ ഉൾപ്പെടുത്താവുന്ന താണെന്നും ഫിഷറീസ് വകുപ്പും, മത്സ്യഫെഡും നിർദ്ദേശിച്ചിട്ടുണ്ട്. | നിലവിലുള്ളത് | 10,000 രൂപ എന്ന പരിധിക്ക് വിധേയമായി വിലയുടെ 50 ശതമാനം | പരമാവധി 6000 രൂപ എന്നതിന് വിധേയമായി യൂണിറ്റ് കോസ്റ്റ് ഒരു ഹെക്ടറിന് 3000 രൂപ | ബി.പി.എൽ കുടുംബത്തിലെ നാമമാത്ര മത്സ്യ കർഷകർക്ക് ഒരു തവണ മാത്രം |
| | | ഫിഷറീസ് വകുപ്പ് നിർദ്ദേശിക്കുന്ന ഭേദഗതി | മാറ്റം വരുത്തേണ്ടതില്ല | യൂണിറ്റ് കോസ്റ്റ് ഒരു ഹെക്ടറിന് 30,000 രൂപ | ഒരു തവണ മാത്രം എന്ന വ്യവസ്ഥ ഒഴിവാക്കണം |
| | | മത്സ്യഫെഡ് നിർദ്ദേശിക്കുന്ന ഭേദഗതി | 25,000 രൂപ എന്ന പരിധിക്ക് വിധേയമായി 50 ശതമാനം | യൂണിറ്റ്കോസ്റ്റ് ഒരു ഹെക്ടറിന് 30,000 രൂപ എന്ന നിരക്കിൽ പരമാവധി 60,000 രൂപ (2 ഹെക്ടർ മാത്രം) | കുടുംബശ്രീ അയൽകൂട്ട അംഗങ്ങൾ/ സ്വയം സഹായ സംഘങ്ങൾ/ തൊഴിൽ ഗ്രൂപ്പുകൾ. ഒരു തവണമാത്രം എന്ന വ്യവസ്ഥ ഒഴിവാക്കണം |
| 3 | മത്സ്യം വളർത്തുന്നതിനുള്ള കുളങ്ങൾ ഒരുക്കുന്നതിന് | നിലവിലുള്ളത് | 10,000 രൂപ എന്ന പരിധിക്ക് വിധേയമായി ചെലവിന്റെ 50 ശതമാനം | പരമാവധി 12000 രൂപ എന്നതിന് വിധേയമായി യൂണിറ്റ് കോസ്റ്റ് ഒരു ഹെക്ടറിന് 6000 രൂപ | ബി.പി.എൽ കുടുംബത്തിലെ നാമമാത്ര മത്സ്യ കർഷകർക്ക് ഒരു തവണ മാത്രം |
| | | ഫിഷറീസ് വകുപ്പ് നിർദ്ദേശിക്കുന്ന ഭേദഗതി | ഇനം 2-ൽ ഇത് കൂടി ഉൾപ്പെടുത്തി അതിനുള്ള സബ്സിഡി അനുവദിച്ചാൽ മതിയാകും | | |
| | | മത്സ്യഫെഡ് നിർദ്ദേശിക്കുന്ന ഭേദഗതി | ഇനം 2-ൽ ഇത് കൂടി ഉൾപ്പെടുത്തി അതിനിള്ള സബ്സിഡി അനുവദിച്ചാൽ മതിയാകും | | |

| ക്രമ നം | ഇനം | | സബ്സിഡിയുടെ കൂടിയ പരിധി | സബ്സിഡി മാനദണ്ഡങ്ങൾ | അർഹത |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 4 | ചിപ്പി കൃഷി | നിലവിലുള്ളത് | 10,000 രൂപ എന്ന പരിധിക്ക് വിധേയമായി ചെലവിന്റെ 50 ശതമാനം | ഒരു ഹെക്ടറിന് പരമാവധി 6000 രൂപ | ബി.പി.എൽ കുടുംബത്തിലെ നാമമാത്ര മത്സ്യ കർഷകർക്ക് ഒരു തവണ മാത്രം |
| | | ഫിഷറീസ് വകുപ്പ് നിർദ്ദേശിക്കുന്ന ഭേദഗതി | മാറ്റം വരുത്തേണ്ടതില്ല | 1) 25 ചതുരശ്ര മീറ്ററിന്റെയുണിറ്റ് കോസ്റ്റ് 10,000 രൂപ. (2) വിത്തുകൾ നിക്ഷേപിച്ചിട്ടുള്ള ഒരു വടത്തിന്റെ നീളം 100 മീറ്റർ | ബി.പി.എൽ, ഒരുതവണ മാത്രം എന്നീ വ്യവസ്ഥ കൾ ഒഴിവാക്കണം. നാമമാത്ര മത്സ്യ കർഷകർ, ഗ്രൂപ്പു കൾ, സ്വയം സഹാ യ സംഘങ്ങൾ, സഹകരണസംഘ ങ്ങൾ എന്നിവർക്ക് അർഹതയുണ്ടാ യിരിക്കും. |
| | | മത്സ്യഫെഡ് നിർദ്ദേശിക്കുന്ന ഭേദഗതി | 12,000 രൂപ എന്ന പരിധിക്ക് വിധേയമായി 50 ശതമാനം | പരമാവധി യൂണിറ്റ് കോസ്റ്റ് ഒരു ഹെക്ടറിന് 60,000 രൂപ | കുടുംബശ്രീ അയൽകൂട്ട അംഗ ങ്ങൾ/ സ്വയം സഹായ സംഘ ങ്ങൾ/ തൊഴിൽ ഗ്രൂപ്പുകൾ ഒരു തവണമാത്രം എന്ന വ്യവസ്ഥ ഒഴിവാക്കണം. |
| 5 | കടൽ മുരിങ്ങകൃഷി | നിലവിലുള്ളത് | 10,000 രൂപ എന്ന പരിധിക്ക് വിധേയമായി ചെലവിന്റെ 50 ശതമാനം | ഒരു ഹെക്ടറിന് പരമാവധി 6000 രൂപ | ബി.പി.എൽ കുടുംബത്തിലെ നാമമാത്ര മത്സ്യ കർഷകർക്ക് ഒരു തവണ മാത്രം |
| | | ഫിഷറീസ് വകുപ്പ് നിർദ്ദേശിക്കുന്ന ഭേദഗതി | മാറ്റം വരുത്തേണ്ടതില്ല | (1) 25 ചതുരശ്ര മീറ്ററിന്റെ യൂണിറ്റ് കോസ്റ്റ് 10,000 രൂപ (2) വിത്തുകൾ നിക്ഷേപിച്ചിട്ടുള്ള ഒരു വടത്തിന്റെ നീളം 100 മീറ്റർ | ബി.പി.എൽ, ഒരു തവണ മാത്രം എന്നീ വ്യവസ്ഥ കൾ ഒഴിവാക്കണം. നാമമാത്രമത്സ്യ കർഷകർ, ഗ്രൂപ്പുകൾ, സ്വയം സഹായ സംഘ ങ്ങൾ, സഹകരണ സംഘങ്ങൾ എന്നി വയ്ക്ക് അർഹത യുണ്ടായിരിക്കും. |
| | | മത്സ്യഫെഡ് നിർദ്ദേശിക്കുന്ന ഭേദഗതി | 12,000 രൂപ എന്ന പരിധിക്ക് വിധേയമായി 50 ശതമാനം | പരമാവധി യൂണിറ്റ്കോസ്റ്റ് ഒരു ഹെക്ടറിന് 60,000 രൂപ | കുടുംബശ്രീ അയ ൽകൂട്ട അംഗങ്ങൾ/ സ്വയം സഹായ സംഘങ്ങൾ/ തൊഴിൽ ഗ്രൂപ്പുകൾ ഒരുതവണ മാത്രം എന്ന വ്യവസ്ഥ ഒഴിവാക്കണം |

| ക്രമ നം | ഇനം | | സബ്സിഡിയുടെ കൂടിയ പരിധി | സബ്സിഡി മാനദണ്ഡങ്ങൾ | അർഹത |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 6 | ഞണ്ട് കൃഷി | നിലവിലുള്ളത് | 10,000 രൂപ എന്ന പരിധിക്ക് വിധേയമായി ചെലവിന്റെ 50 ശതമാനം | ഒരു ഹെക്ടറിന് പരമാവധി 6000 രൂപ | ബി.പി.എൽ കുടുംബത്തിലെ നാമമാത്ര മത്സ്യ കർഷകർക്ക് ഒരു തവണ മാത്രം |
| | | ഫിഷറീസ് വകുപ്പ് നിർദ്ദേശിക്കുന്ന ഭേദഗതി | (1) വ്യക്തികൾക്ക്-50 ശതമാനം പരമാവധി 50,000 രൂപ<br>(2) ഗ്രൂപ്പുകൾക്ക്-50 ശതമാനം പരമാവധി ഒരു ലക്ഷം രൂപ | (1) യൂണിറ്റ് കോസ്റ്റ് ഒരു ഹെക്ടറിന് 2,50,000 രൂപ<br>(2) ഒരു ചതുരശ്രമീറ്ററിൽ സാന്ദ്രത രണ്ട് ഞണ്ടുകുഞ്ഞുങ്ങൾ എന്ന തോതിൽ | ബി.പി.എൽ, ഒരുതവണമാത്രം എന്നീ വ്യവസ്ഥകൾ ഒഴിവാക്കണം. നാമമാത്ര മത്സ്യകർഷകർ, ഗ്രൂപ്പുകൾ, സ്വയംസഹായ സംഘങ്ങൾ, സഹകരണസംഘങ്ങൾ എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കും. |
| | | മത്സ്യഫെഡ് നിർദ്ദേശിക്കുന്ന ഭേദഗതി | 12,000 രൂപ എന്നപരിധിക്ക് വിധേയമായി 50 ശതമാനം | പരമാവധി യൂണിറ്റ്കോസ്റ്റ് ഒരു ഹെക്ടറിന് 60,000 രൂപ | കുടുംബശ്രീ അയൽകൂട്ട അംഗങ്ങൾ/ സ്വയം സഹായ സംഘങ്ങൾ/ തൊഴിൽ ഗ്രൂപ്പുകൾ. ഒരു തവണ മാത്രം എന്ന വ്യവസ്ഥ ഒഴിവാക്കണം. |
| 7 | മത്സ്യവിപണന വാഹനം-ഗ്രൂപ്പുകൾക്ക് | നിലവിലുള്ളത് | 1.25 ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി 50% | -- | കുടുംബശ്രീ വനിതാ മത്സ്യവിപണന ഗ്രൂപ്പ് |
| | | ഫിഷറീസ് വകുപ്പ് നിർദ്ദേശിക്കുന്ന ഭേദഗതി | ഗ്രൂപ്പിന് പുറമെ മത്സ്യവിപണനം നടത്തുന്ന വനിതകൾക്ക് കൂടി അനുവദിക്കണം. അതിന് മാനദണ്ഡങ്ങൾ ഇപ്രകാരം നിശ്ചയിക്കാവുന്നതാണ്-യൂണിറ്റ് കോസ്റ്റിന്റെ 25% | യൂണിറ്റ് കോസ്റ്റ് ഉഘഠഅഏ നിശ്ചയിക്കണം. | മത്സ്യവിപണനം നടത്തുന്ന വനിതകൾ |
| | | മത്സ്യഫെഡ് നിർദ്ദേശിക്കുന്ന ഭേദഗതി | മാറ്റം ആവശ്യമില്ല | -- | കുടുംബശ്രീ വനിതാ മത്സ്യ വിപണന ഗ്രൂപ്പ്/മത്സ്യമേഖലയിലെ സ്വയം സഹായ ഗ്രൂപ്പ് |

| *ക്രമ നം* | *ഇനം* | | *സബ്സിഡിയുടെ കൂടിയ പരിധി* | *സബ്സിഡി മാനദണ്ഡങ്ങൾ* | *അർഹത* |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| **മത്സ്യഫെഡ് സമർപ്പിച്ചിട്ടുള്ള പുതിയ സബ്സിഡി നിർദ്ദേശങ്ങൾ.** | | | | | |
| 8 | അലങ്കാര മത്സ്യ ഹാച്ചറി | | 2.25 ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി 15% | യൂണിറ്റ് കോസ്റ്റ് 15 ലക്ഷം രൂപ–ഉത്പാദന ശേഷി പ്രതിവർഷം 25 ലക്ഷം ആയിരിക്കണം | വായ്പാബന്ധിത സ്കിം ആയിരിക്കണം. കുടുംബശ്രീ അയൽകൂട്ട അംഗങ്ങൾ/ സ്വയം സഹായ സംഘങ്ങൾ/ തൊഴിൽ ഗ്രൂപ്പുകൾ |
| 9 | സംയോജിത മത്സ്യ കൃഷി | | 15,000 രൂപ എന്ന പരിധിക്ക് വിധേയമായി യൂണിറ്റ് കോസ്റ്റിന്റെ 20% | യൂണിറ്റ് കോസ്റ്റിന്റെ പരിധി–80,000 രൂപ | വായ്പാബന്ധിത സ്കിം ആയിരിക്കണം. കുടുംബശ്രീ അയൽകൂട്ട അംഗങ്ങൾ/ സ്വയം സഹായ സംഘങ്ങൾ/ തൊഴിൽ ഗ്രൂപ്പുകൾ |
| ഫിഷറീസ് വകുപ്പ് സമർപ്പിച്ചിട്ടുള്ള പുതിയ സബ്സിഡി നിർദ്ദേശങ്ങൾ | | | | | |
| 10 | മത്സ്യമേഖലയിൽ മൂല്യവർദ്ധന സംരംഭങ്ങൾ, പ്ലാന്റ്, യന്ത്രങ്ങൾ കെട്ടിടം, പശ്ചാത്തല സൗകര്യങ്ങൾ | | വിലയുടെ 50 ശതമാനം, 10,000 രൂപ എന്ന പരിധിക്ക് വിധേയമായി | യൂണിറ്റ് കോസ്റ്റ് ജില്ലാതല ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് നിശ്ചയിക്കണം | യഥാർത്ഥ മത്സ്യതൊഴികളായ യുവജനങ്ങൾ |
| 11 | സാങ്കേതിക യോഗ്യതയുള്ള യുവാക്കളുടെ സംരംഭങ്ങൾ (മത്സ്യബന്ധന സാമഗ്രികൾ, ഔട്ട്ബോർഡ് എഞ്ചിനുകളുടെ സ്പെയർ പാർട്ടുകൾ മുതലായവയുടെ വിപണനം) | | 50 ശതമാനം 10,000 രൂപ എന്ന പരിധിക്ക് വിധേയമായി | യൂണിറ്റ് കോസ്റ്റ് ജില്ലാ തല ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് നിശ്ചയിക്കണം | യഥാർത്ഥ മത്സ്യതൊഴിലാളി വിഭാഗത്തിലെ യുവജനങ്ങൾ |
| 12 | വിദ്യാഭ്യാസ സമ്പന്നരായ യുവാക്കളുടെ സമുദ്രതീര വിനോദ സഞ്ചാര സംരംഭങ്ങൾ (തുഴയൽ വള്ളങ്ങൾ, മത്സ്യ വിഭവ വിൽപ്പന ശാലകൾ മുതലായവ) | | 50 ശതമാനം, 10,000 രൂപ എന്ന പരിധിക്ക് വിധേയമായി | യൂണിറ്റ് കോസ്റ്റ് ജില്ലാ തല ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് നിശ്ചയിക്കണം | യഥാർത്ഥ മത്സ്യതൊഴിലാഴി വിഭാഗത്തിലെ യുവജനങ്ങൾ |

| ക്രമ നം | ഇനം | | സബ്സിഡിയുടെ കൂടിയ പരിധി | സബ്സിഡി മാനദണ്ഡങ്ങൾ | അർഹത |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 13 | വല നെയ്ത്ത് യൂണിറ്റുകൾ (കൈത്തൊഴിൽ) | | 50 ശതമാനം 10,000 രൂപ എന്ന പരിധിക്ക് വിധേയമായി | യൂണിറ്റ് കോസ്റ്റ് ജില്ലാ തല ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് നിശ്ചയിക്കണം | എസ്.ജി.എസ്.വൈ മാനദണ്ഡങ്ങൾ പ്രകാരമുള്ള മത്സ്യതൊഴിലാളി വനിതകൾ |
| 14 | മുറി വള്ളത്തിന്റെ അറ്റകുറ്റ പണി | | 7500 രൂപ എന്ന പരിധിക്ക് വിധേയമായി 50% | | ബി.പി.എൽ വിഭാഗത്തിലെ യഥാർത്ഥ മത്സ്യതൊഴിലാളി |
| 15 | ചെറു വള്ളത്തിന്റെ അറ്റകുറ്റപ്പണി | | 5000 രൂപ എന്ന പരിധിക്ക് വിധേയമായി 50% | | ബി.പി.എൽ വിഭാഗത്തിലെ യഥാർത്ഥ മത്സ്യതൊഴിലാളി |
| 16 | റിസർവോയറുകളിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ | | | ഒരു ഹെക്ടറിന് 1500 മത്സ്യ കുഞ്ഞുങ്ങൾ | |
| 17 | സാമൂഹിക മത്സ്യകൃഷി | | | ഒരു ഹെക്ടറിന് 3000 മത്സ്യകുഞ്ഞുങ്ങൾ | |
| 18 | ഞണ്ടുകളെ പുഷ്ടിപ്പെടുത്തൽ | | (i) കൂടിന് 50 ശതമാനം, 5000 രൂപ എന്ന പരിധിക്ക് വിധേയമായി.<br>(ii) കുളങ്ങൾക്ക് 50 ശതമാനം, 20,000 രൂപ എന്ന പരിധിക്കു വിധേയമായി. | (i) ഒരു ചതുരശ്ര മീറ്ററിൽ വലിയ ഒൻപത് അറകളുള്ള ഒരു കൂടിന്റെ യൂണിറ്റ് കോസ്റ്റ് 10,000 രൂപ.<br>(ii) ഒരു ഹെക്ടർ കുളത്തിന്റെ യൂണിറ്റ് കോസ്റ്റ് ഒരു ലക്ഷം രൂപ | (i)നാമമാത്ര മത്സ്യ കർഷകർ<br>(ii) മത്സ്യ തൊഴിലാളി സ്വയം സഹായ സംഘങ്ങൾ<br>(iii) സഹകരണ സംഘങ്ങൾ |
| 19 | കുളങ്ങൾ നിർമ്മാണം/നവീകരണം/വൃത്തിയാക്കൽ | | 50 ശതമാനം 10,000 രൂപ എന്ന പരിധിക്ക് വിധേയമായി | യൂണിറ്റ് കോസ്റ്റ് ഹെക്ടറിന് 60,000 രൂപ | നാമമാത്ര മത്സ്യകർഷകർക്ക് ഒരു തവണ മാത്രം |

ഗ്യാസ്കിറ്റ് ഘടിപ്പിച്ച ഓട്ട്ബോർഡ് എൻജിൻ ബോട്ടുകൾ സ്വന്തമായുള്ള മത്സ്യതൊഴിലാളികൾക്ക് ഗ്യാസിന് സബ്സിഡി അനുവദിക്കണമെന്ന് നാഷണൽ അസോസിയേഷൻ ഓഫ് ഫിഷർമെൻ എന്ന സംഘടന ആവശ്യപ്പെട്ടിട്ടുണ്ട്.

## V. വീടുകൾ, വീടുകളുടെ ഗുണമേൻമ വർദ്ധന (Shelter upgradation), അറ്റകുറ്റ പണി മുതലായവ

*(i) വീട്*

നിലവിലുള്ള സബ്സിഡി നിരക്ക്

പൊതുവിഭാഗം – 50,000 രൂപ
പട്ടികജാതി – 75,000 രൂപ
പട്ടിക വർഗ്ഗം 1,00,000 രൂപ

ഗ്രാമപഞ്ചായത്ത് അസോസിയേഷൻ നിർദ്ദേശിക്കുന്ന ഭേദഗതി 1,10,000 രൂപ– എല്ലാ വിഭാഗങ്ങൾക്കും.

*(ii) വീടുകളുടെ ഗുണമേൻമ വർദ്ധന*

പട്ടിക വർഗ്ഗത്തിന് 9000 രൂപയും പൊതുവിഭാഗം/ പട്ടികജാതിക്കാർക്ക് 7500 രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. ഇന്ദിരാ ആവാസ് യോജനയിൽ 1.4.2008–മുതൽ സബ്സിഡി തുക 15,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് ജനകീയാസൂത്രണ പദ്ധതിയിലും ബാധകമാക്കാവുന്നതാണ്.

*(iii) വീടുകളുടെ അറ്റകുറ്റപണി/മെയിന്റനൻസ്.*

നിലവിലുള്ള സബ്സിഡി നിരക്ക്–പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രം–10,000 രൂപ

*(iv) ലക്ഷം വീടിന്റെ പുതുക്കിപണി/അറ്റകുറ്റപ്പണി*

നിലവിലുള്ള സബ്സിഡി നിരക്ക്–പൊതുവിഭാഗം–5000 രൂപ

*(v) വീട് വയറിംഗ്*

നിലവിലുള്ള നിരക്ക് – 1000 രൂപ.

(a) ഈ തുക തീരെ കുറവായതിനാൽ നിരക്ക് വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉണ്ടായിട്ടുണ്ട്.

(b) ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ:
ലോക്കൽ മാർക്കറ്റിൽ ലഭ്യമായ സാധനങ്ങൾ ഉപയോഗിക്കുക യാണെങ്കിൽ ഏകദേശം 1500 രൂപ ചെലവ് ഉണ്ടാകും. കുറെക്കൂടി നല്ല സാധനങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ ഏകദേശം 2000 രൂപ ചെലവ് വരും.

(c) പട്ടിക വർഗ്ഗക്കാർക്കുള്ള നിരക്ക് 2500 രൂപയായി വർദ്ധിപ്പിക്കണമെന്ന് പട്ടിക വർഗ്ഗ വികസന വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

(d) എല്ലാ വിഭാഗക്കാർക്കും നിരക്ക് 2500 രൂപയായി വർദ്ധിപ്പിക്കണമെന്ന് പഞ്ചായത്ത് അസോസിയേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

*(vi) സാനിട്ടറി യൂണിറ്റ്*

നിലവിലുള്ള നിരക്ക് - പൊതുവിഭാഗം, പട്ടികജാതി എന്നിവർക്ക് 2500 രൂപയും പട്ടിക വർഗ്ഗക്കാർക്ക് 3500 രൂപയും

പട്ടികവർഗ്ഗക്കാർക്കുള്ള നിരക്ക് 5000 രൂപയായി വർദ്ധിപ്പിക്കണമെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

## VI. സാമ്പത്തിക വികസന പരിപാടികൾ

1. സ്വയം തൊഴിലിന് ആസ്തികൾ

നിലവിലുള്ള മാനദണ്ഡങ്ങൾ-എസ്.ജി.എസ്.വൈ/എസ്.ജെ.എസ്.ആർ.വൈ നിരക്കുകളും മാനദണ്ഡങ്ങളും.

പഞ്ചായത്ത് അസോസിയേഷന്റെ ഭേദഗതി നിർദ്ദേശങ്ങൾ

- 50 ശതമാനത്തിൽ അധികം സഹായിക്കാൻ കഴിയണം
- ബാങ്ക് വായ്പ നിഷ്കർഷിക്കരുത്
- തൊഴിൽ സംരംഭങ്ങൾക്ക് വിവിധ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കേണ്ട അനുമതി ജില്ലാ ആസൂത്രണ സമിതിക്ക് തന്നെ നൽകാൻ കഴിയുന്ന തരത്തിൽ നടപടിക്രമങ്ങൾ നിശ്ചയിക്കണം.

2. ഓട്ടോറിക്ഷ/പിക്അപ് ഓട്ടോറിക്ഷ

നിലവിലുള്ള നിരക്ക് - ജനറൽ/പട്ടികജാതി-10,000 രൂപ
പട്ടിക വർഗ്ഗം - 20,000 രൂപ

പഞ്ചായത്ത് അസോസിയേഷൻ നിർദ്ദേശിക്കുന്ന ഭേദഗതി
ജനറൽ - 20,000 രൂപ
പട്ടികജാതി/പട്ടികവർഗ്ഗം - 40,000 രൂപ

## VII. വിവാഹ ധനസഹായം

നിലവിലുള്ള നിരക്ക്- പട്ടികജാതി/പട്ടികവർഗ്ഗ വനിതകൾ - 5000 രൂപ

പട്ടികജാതി വികസന വകുപ്പും പട്ടിക വർഗ്ഗ വികസന വകുപ്പും സമാനമായ പരിപാടി നടപ്പാക്കുന്നുണ്ട്. പട്ടികജാതി വികസന വകുപ്പ് 5000 രൂപ തന്നെയാണ് നൽകുന്നത്. എന്നാൽ പട്ടിക വർഗ്ഗ വികസന വകുപ്പ് 10,000 രൂപ നൽകുന്നുണ്ട്.

## VIII. മേൽക്കൂര മഴവെള്ള സംഭരണം

നിലവിലുള്ള നിരക്ക്

എല്ലാ വിഭാഗങ്ങൾക്കും - ചെലവിന്റെ 75% പരമാവധി 10,000 രൂപ വരെ (യൂണിറ്റ് കോസ്റ്റ് DLTAG നിശ്ചയിക്കണം)

ഇടുക്കി ജില്ലയിൽ ജലനിധി പ്രോജക്ട് പ്രകാരം 17,000 രൂപ സബ്സിഡി അനുവദിക്കുന്നുണ്ടെന്നും വിലവർദ്ധനവ് കൂടി കണക്കിലെടുത്ത് 13,000 രൂപയായി വർദ്ധിപ്പിക്കണമെന്നും ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്.

## IX. പൊതു മാനദണ്ഡങ്ങൾ

1. *പദ്ധതി ആസൂത്രണ, മോണിറ്ററിംഗ് ചെലവുകൾ.*

2007–08 വാർഷിക പദ്ധതിയും പതിനൊന്നാം പഞ്ചവത്സര പദ്ധതിയും തയ്യാറാക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം നിശ്ചയിച്ച നിരക്കുകൾ ചുവടെ ചേർക്കുന്നു.

| *ക്രമ നമ്പർ* | *തദ്ദേശഭരണ സ്ഥാപനം* | *പദ്ധതി ആസൂത്രണം (പരമാവധി ആകെ വികസനഫണ്ടിന്റെ ഒരു ശതമാനം)* | *പദ്ധതി മോണിറ്ററിംഗ്* |
|---|---|---|---|
| 1. | ഗ്രാമപഞ്ചായത്ത് | 1,00,000 | 20,000 |
| 2. | ബ്ലോക്ക് പഞ്ചായത്ത് | 60,000 | 50,000 |
| 3. | ജില്ലാ പഞ്ചായത്ത് | 70,000 | 75,000 |
| 4. | മുനിസിപ്പാലിറ്റി | 1,00,000 | 30,000 |
| 5. | കോർപ്പറേഷൻ | 1,20,000 | 50,000 |

കഴിഞ്ഞ വർഷം പഞ്ചവത്സര പദ്ധതി തയ്യാറാക്കിയില്ലെങ്കിലും ഫോറങ്ങളുടെ മൂന്ന്കോപ്പി എടുക്കേണ്ടിവന്നതുകാരണം ആസൂത്രണ ചെലവിൽ ഗണ്യമായ വർദ്ധനവ് വന്നിരുന്നു. ഈ വർഷം ഫോറങ്ങളുടെ ഒരു കോപ്പി മാത്രമേ സമർപ്പിക്കേണ്ടി വരുന്നുള്ളൂ. എന്നാൽ മൂന്ന് ഘട്ടങ്ങളായി പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ നിരക്ക് പരിഷ്കരിക്കേണ്ടതുണ്ടോ എന്ന് ചർച്ചചെയ്ത് തീരുമാനിക്കാവുന്നതാണ്.

2. *പ്രോജക്ടുകളുടെ കുറഞ്ഞ അടങ്കൽ തുക.*

ജില്ലാ പഞ്ചായത്തുകൾ/ കോർപ്പറേഷനുകൾ–10 ലക്ഷം രൂപ
ബ്ലോക്ക് പഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റികൾ–5 ലക്ഷം രൂപ
കുറവ് ചെയ്യേണ്ടതുണ്ടോ എന്ന് ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്.

3. *മറ്റി*നങ്ങൾ

ചുവടെ ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്ക്കരിക്കേണ്ടതുണ്ടോ എന്ന് ചർച്ചചെയ്ത് തീരുമാനിക്കാവുന്നതാണ്.

(i) വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്ന പ്രോജക്ടുകൾ രാജീവ് ഗാന്ധി വൈദ്യുതീകരണ യോജന (RGGVY)/ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ ഏറ്റേടുക്കാൻ പാടുള്ളൂ. ഫീഡർ മാപ്പിനെ അടിസ്ഥാനമാക്കിയാണ് തെരുവുവിളക്കുകളുടെ മീറ്ററിംഗ് നടത്തേണ്ടത്.

(ii) കേന്ദ്ര സർക്കാരിന്റെ സി.എഫ്.എൽ വിതരണ പരിപാടി പ്രഖ്യാപിച്ചതിനുശേഷം മാത്രമേ തദ്ദേശഭരണ സ്ഥാപനങ്ങൾ സി.എഫ്.എൽ വിതരണ പ്രേജക്ടുകൾ ഏറ്റെടുക്കേണ്ടതുള്ളൂ.

(iii) സി.എഫ്.എൽ നിർമ്മാണം/അസംബ്ലിംഗ് പ്രോജക്ടുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതില്ല.

(iv) സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷന്റെ പരിപാടിയുമായി സംയോജിപ്പിച്ചു മാത്രമെ വ്യക്തിഗതമോ സാമൂഹികമോ ആയ ജൈവ വാതക പ്ലാന്റുകൾ സ്ഥാപിക്കേണ്ടതുള്ളൂ.

## 3. പ്രത്യേക വിഷയങ്ങൾ

### 3.1 സാമൂഹ്യക്ഷേമ വകുപ്പ്

(i) സുനിമി പുനരധിവാസ പദ്ധതി പ്രകാരം സംസ്ഥാനത്ത് 313 അംഗൻവാടികൾ നിർമ്മിക്കുന്നതിന്, ഒരു അംഗൻവാടിക്ക് 3.50 ലക്ഷം രൂപ എന്ന നിരക്കിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിച്ചിരുന്നു. ഭവന നിർമ്മാണ ബോർഡ് തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പണി പൂർത്തിയാക്കണമെന്നാണ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ ചില അംഗൻവാടികളുടെ പണി പൂർത്തീകരിക്കാൻ കഴിയുന്നില്ല. അധിക തുക കണ്ടെത്തിയെങ്കിൽ മാത്രമേ പണി പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ വികസന/ തനത് ഫണ്ടിൽ നിന്ന് തുക കണ്ടെത്തി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അനുവാദം നൽകാവുന്നതാണെന്ന നിർദ്ദേശം.

ഈ പ്രവൃത്തിക്ക് അധിക ചെലവ് അനുവദിക്കുന്നതല്ലെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് നിർദേശം നൽകിയിരുന്നതാണ്.

(ii) ഭരണ നവീകരണ പരിപാടിയുടെ (MGP) ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള വൃദ്ധമന്ദിരങ്ങളിലും, വൃദ്ധ വികലാംഗ മന്ദിരങ്ങളിലും കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും ഉദ്ദേശിച്ച രീതിയിൽ സേവന സംവിധാനങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അസമയങ്ങളിൽ ഈ സ്ഥാപനങ്ങളിലെ അന്തേവാസികളെ ആശുപത്രിയിൽ കൊണ്ടുപോകാൻ കഴിയുന്നില്ല. ചുവടെ ചേർത്തിട്ടുള്ള വൃദ്ധ വികലാംഗ മന്ദിരങ്ങളിൽ ഓരോ ആംബുലൻസ് വീതം അത്യാവശ്യമാണ്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തദ്ദേശഭരണ സ്ഥാപനം |
|---|---|---|
| 1 | വൃദ്ധമന്ദിരം, കൊല്ലം | അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത് |
| 2 | വൃദ്ധമന്ദിരം, പത്തനംതിട്ട | ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് |
| 3 | വൃദ്ധ വികലാംഗ സദനം, ആലപ്പുഴ | കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് |
| 4 | വൃദ്ധമന്ദിരം, എറണാകുളം | കൊച്ചിൻ കോർപ്പറേഷൻ |
| 5 | വൃദ്ധമന്ദിരം, കോട്ടയം | മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് |
| 6 | വൃദ്ധവികലാംഗ സദനം, ഇടുക്കി | തൊടുപുഴ മുനിസിപ്പാലിറ്റി |
| 7 | വൃദ്ധമന്ദിരം, തൃശൂർ | തൃശൂർ കോർപ്പറേഷൻ |

| | | |
|---|---|---|
| 8 | വൃദ്ധവികലാംഗ മന്ദിരം, പലക്കാട് | കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് |
| 9 | വൃദ്ധമന്ദിരം, മലപ്പുറം | പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് |
| 10 | വൃദ്ധ മന്ദിരം, കോഴിക്കോട് | കോഴിക്കോട് കോർപ്പറേഷൻ |
| 11 | വൃദ്ധ വികലാംഗ മന്ദിരം, വയനാട് | കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് |
| 12 | വൃദ്ധമന്ദിരം , കണ്ണൂർ | കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് |
| 13 | വൃദ്ധ മന്ദിരം | മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് |

ഈ സ്ഥാപനങ്ങൾക്ക് ആംബുലൻസ് വാങ്ങി നൽകുവാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകാവുന്നതാണെന്ന നിർദ്ദേശം.

ആംബുലൻസ് ലഭിക്കുകയാണെങ്കിൽ 170 രൂപ ദിവസകൂലി നിരക്കിൽ ഡ്രൈവറെ നിയമിക്കാവുന്നതാണ് (ഒരു മാസത്തേക്ക് ഏകദേശം 4500 രൂപ). പെട്രോൾ ചാർജ്, അറ്റകുറ്റപ്പണി എന്നിവയ്ക്കായി 3000 രൂപയും ചേർത്ത് പ്രതിമാസം 7500 രൂപ വേണ്ടിവരും. ഈ ആവശ്യത്തിന് വേണ്ടിവരുന്ന തുക തദ്ദേശഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട മാനേജിംഗ് കമ്മിറ്റികൾക്ക് അനുവദിച്ചു നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(iii) പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ 143–ാം നമ്പർ അംഗൻവാടി പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി. രജനി പൂട്ടി താക്കോലും രജിസ്റ്ററുകളുമായി സ്ഥലം വിട്ടതായും ജില്ലാ കളക്ടർ ഇടപെട്ട് അംഗൻവാടി വീണ്ടും തുറന്ന് പ്രവർത്തിച്ചു വരുന്നതായും അംഗൻവാടി വർക്കറെ മാറ്റി മെമ്പർ നിർദ്ദേശിക്കുന്ന ആളിനെ വർക്കറായി നിയമിക്കണമെന്നുള്ളതാണ് ആവശ്യമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളുടെ ഇത്തരം പ്രവർത്തനങ്ങൾ അംഗൻവാടിയുടെ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നതായും പരിഹാരം നിർദ്ദേശിക്കണമെന്നും വയനാട് ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് നിയമിച്ച അംഗൻവാടി ജീവനക്കാരെ കഠിനംകുളം ഗ്രാമപഞ്ചായത്തിലെ അംഗൻവാടികളിൽ ജോലി ചെയ്യാൻ സമ്മതിക്കാതെ ഗ്രാമപഞ്ചായത്ത് നിർദ്ദേശിക്കുന്നവരെ കൊണ്ട് അംഗൻ വാടികൾ പ്രവർത്തിപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

കല്ലിയൂർ ഗ്രാമപഞ്ചായത്ത്, സർക്കാരിന്റെ മാനദണ്ഡങ്ങൾ പാലിക്കാതെ അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സെലക്ഷൻ നേരിട്ട് നടത്തി ലിസ്റ്റ് തയ്യാറാക്കി അതിൽനിന്ന് നിയമനം നടത്താൻ ശിശു വികസന പദ്ധതി ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അംഗൻവാടികളുടെ നിയന്ത്രണവും ശിശു വികസന പദ്ധതി ആഫീസറുടെ ആഫീസിലെ സ്റ്റാഫിന്റെ നിയന്ത്രണവും ഇല്ലാത്തതിനാൽ, ശിശു വികസന പദ്ധതി ആഫീസറുടെ ഏകാധിപത്യമാണ് നടക്കുന്ന

തെന്നും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഇല്ലാത്തതാണ് ഇപ്രകാരം പ്രവർത്തിക്കുന്നതിന് കാരണമെന്നും അതിന് മാറ്റം വരുത്തി ശിശുവികസന പദ്ധതി ആഫീസറുടെ പ്രവർത്തനങ്ങൾ ജനകീയവൽകരിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിന് അംഗൻവാടികളുടെ പ്രവർത്തനത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകണമെന്നും കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബഹുമാനപ്പെട്ട സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അംഗൻവാടി ജീവനക്കാരുടെ പരസ്പരമുള്ള സമ്മതത്താലല്ലാതെ സ്ഥലം മാറ്റരുതെന്ന നിർദ്ദേശത്തിനു വിരുദ്ധമായി പഞ്ചായത്തിലെ മുഴുവൻ വർക്കർമാരേയും സ്ഥലം മാറ്റി നിയമിക്കുവാൻ പനയം ഗ്രാമപഞ്ചായത്ത് ലിസ്റ്റ് തയ്യാറാക്കി ശിശു വികസന പദ്ധതി ആഫീസർക്ക് നൽകിയിട്ടുണ്ട്.

അംഗൻവാടി ജീവനക്കാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രോജക്ടിനുള്ളിലെ സ്ഥലം മാറ്റം ശിശു വികസന പദ്ധതി ആഫീസർക്കും ജില്ലക്കുള്ളിലെ സ്ഥലം മാറ്റം ജില്ലാ സാമൂഹ്യക്ഷേമ ആഫീസർക്കും മേഖലയിലെ സ്ഥലം മാറ്റവും ഒരു മേഖലയിൽ നിന്നും മറ്റൊരു മേഖലയിലേയ്ക്കുള്ള സ്ഥലം മാറ്റവും അതാത് മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാരും നിർവ്വഹിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർ നടത്തുന്ന സ്ഥലം മാറ്റങ്ങൾ അംഗീകരിച്ച് പ്രസ്തുത സ്ഥലം മാറ്റപ്പെടുന്ന ജീവനക്കാർ ജോലിയിൽ പ്രവേശിക്കുവാൻ ശാസ്താംകോട്ടയുൾപ്പെടെ കേരളത്തിലെ പല പ്രോജക്ടുകളിലും ഗ്രാമപഞ്ചായത്തുകളും അംഗൻവാടി പ്രവർത്തിക്കുന്ന വാർഡുകളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും സമ്മതിക്കുന്നില്ല.

താൽക്കാലികക്കാരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരം തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ സമ്മതിക്കാതെയും ദിവസവേതനത്തിൽ നിയമിക്കപ്പെട്ടവർ സ്ഥിരം ആളിനെ നിയമിക്കുമ്പോൾ പിരിഞ്ഞു പോകാൻ സമ്മതിക്കാതെയും കേരളത്തിലെ മിക്ക പ്രോജക്ടുകളിലും ജനപ്രതിനിധികളും പഞ്ചായത്തുകളും അംഗൻവാടികളുടെ പ്രവർത്തനം തടസ്സപ്പെടുത്തി വരികയാണ്. ഇത്തരം തടസ്സപ്പെടുത്തലുകൾക്ക് ഉദാഹരണങ്ങൾ വളരെയധികം ലഭിച്ചു കൊണ്ടിരിക്കുന്നു. ഇത്തരം നടപടികൾക്ക് ശിശുവികസന പദ്ധതി ആഫീസർമാർ കൂട്ടു നിൽക്കാത്ത സ്ഥലങ്ങളിൽ അവർക്കെതിരെ അന്യായമായ ആരോപണങ്ങൾ ഉന്നയിക്കുകയും സുപ്രീംകോടതി വിധി പ്രകാരം പാവപ്പെട്ടവരായ സ്ത്രീകൾക്കും കുട്ടികൾക്കും മറ്റും അംഗൻവാടി വഴി ലഭിക്കേണ്ട സഹായങ്ങൾ ലഭിക്കാതിരിക്കുകയും ചെയ്യുന്ന പ്രവണത മൂലം പല പ്രോജക്ടുകളിലും പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. ഇതിന്റെ

പേരിൽ അംഗൻവാടി ജീവനക്കാരിൽ നിന്നും വളരെയധികം പരാതികളും ലഭിച്ചു വരുന്നുണ്ട്.

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ തീരുമാനവും, പഞ്ചായത്തംഗങ്ങളുടെ താൽപര്യം സംരക്ഷിക്കുവാൻ വേണ്ടി അംഗൻവാടി ജീവനക്കാരെ സ്ഥലം മാറ്റി നിയമിക്കാനാണ്. അതിയന്നൂർ, പെരുങ്കടവിള , ഇരിട്ടി തുടങ്ങിയ പല സ്ഥലങ്ങളിലും ഇത്തരം പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്.

ഈ വിധത്തിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഐ.സി.ഡി.എസ്സിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിഘാതമാവുന്നതായാണ് കാണുന്നത്. പോഷകാഹാര വിതരണം, കെട്ടിട നിർമ്മാണം എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നു എന്ന കാരണത്താൽ ശിശു വികസന പദ്ധതി ആഫീസർമാർ നടത്തുന്ന നിയമനത്തിനും സ്ഥലം മാറ്റത്തിനും അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനുമെതിരെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതുമൂലം വളരെധികം ബുദ്ധിമുട്ടുകൾ ശിശു വികസന പദ്ധതി ആഫീസർമാർക്കും അംഗൻവാടി പ്രവർത്തകർക്കും ഉണ്ടാകുന്നുണ്ട്.

ഈ സാഹചര്യത്തിൽ അംഗൻവാടി ജീവനക്കാരുടെ നിയമനം, സ്ഥലം മാറ്റം, അച്ചടക്ക നടപടികൾ സ്വീകരിക്കൽ എന്നിവ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ ഉത്തരവാദിത്വമായിരിക്കുമെന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ ഇടപെടാൻ പാടില്ല എന്നും നിർദ്ദേശം നൽകാവുന്നതാണ്.

**3.2 ജില്ലാ ആസൂത്രണ സമിതി, തൃശൂർ**

വിദ്യാർത്ഥികൾക്ക് മേശ, കസേര, വൃദ്ധർക്ക് കട്ടിൽ, വിദ്യാർത്ഥിനികൾക്ക് സൈക്കിൾ (ഉടമസ്ഥത സ്കൂളിന്) എന്നീ പ്രോജക്ടുകൾക്ക് അംഗീകാരം നൽകാമോ എന്ന് വിശദീകരണം നല്കണമെന്ന ആവശ്യം.

**3.3 തൃശൂർ ജില്ലാ പഞ്ചായത്ത്.**

പൊതു വിഭാഗം ഭവന പദ്ധതിക്കായി 2003-04-ൽ ജില്ലയിലെ 9-ബാങ്കുകളിലായി 162.50 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നു. ഭവന വായ്പാ പദ്ധതിയുടെ ഭാവി ചെലവുകൾക്കായി ബാങ്കുകളിൽ തുക നിക്ഷേപിച്ച നടപടി ചട്ടവിരുദ്ധമാണെന്ന് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത പദ്ധതി നിർത്തലാക്കി ബാങ്കുകളിൽ നിക്ഷേപി ച്ചിരുന്ന തുകയിൽ ബാക്കിയുള്ള 80,43,891 രൂപ 2008-09-ൽ ഇ.എം.എസ് ഭവന പരിപാടിക്ക് വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യം.

### 3.4 കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്

2006–07 വാർഷിക പദ്ധതിയിൽ 50 ഗുണഭോക്താക്കൾക്ക് മഴവെള്ള സംഭരണി നിർമ്മിച്ചുനൽകുന്നതിനുള്ള പ്രോജക്ട് എറ്റെടുത്തിരുന്നു. 7500 രൂപ ഗുണഭോക്തൃ വിഹിതം (5000 രൂപ പഞ്ചായത്തിൽ അടയ്ക്കും), 5000 രൂപ സബ്സിഡി എന്ന നിലയ്ക്കാണ് പ്രോജക്ട് തയ്യാറാക്കിയത്. അന്ത്യോദയ, അങ്കമാലി എന്ന സ്ഥാപനം മുഖേന പ്രവൃത്തി നടപ്പാക്കുകയും ബി.പി.എൽ, എ.പി.എൽ വ്യത്യാസമില്ലാതെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് 1 ലക്ഷം രൂപ ഏജൻസിക്ക് കൈമാറുകയും ചെയ്തു. എന്നാൽ സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം ബി.പി.എൽ വിഭാഗക്കാർക്ക് മാത്രമേ ആനുകൂല്യങ്ങൾ നൽകാൻ കഴിയുകയുള്ളൂവെന്നും അന്ത്യോദയ എന്ന സ്ഥാപനത്തെ സർക്കാർ അംഗീകരിച്ചിട്ടില്ലെന്നും ആയതിനാൽ ഏജൻസിക്ക് ബാക്കിതുക നൽകാൻ കഴിയുകയില്ലെന്നും പുതിയ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. നിർമ്മാണം നടത്തിയ സ്ഥാപനത്തിന് ബാക്കി തുക നൽകേണ്ടത് പഞ്ചായത്തിന്റെ ബാധ്യതയായതിനാലും തികച്ചും പ്രയോജനപ്രദമായ ഒരു പ്രോജക്ടായിരുന്നു എന്നതിനാലും ഏജൻസിക്ക് നൽകേണ്ട ബാക്കി തുക അനുവദിച്ചു നൽകുന്നതിന് അനുമതി നൽകണമെന്ന ആവശ്യം.

### 3.5 വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്ത്

www.vallikunnupanchayat.org എന്ന വെബ്സൈറ്റിന്റെ കരാർ കാലാവധി 13.06.2008 ന് അവസാനിക്കുന്നതിനാൽ 4475 രൂപ അടച്ച് പുതുക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യം.

ഇൻഫർമേഷൻ കേരളമിഷൻ തയ്യാറാക്കിയ വെബ്സൈറ്റ് കാലോചിതമായി പരിഷ്കരിച്ചിട്ടില്ലാത്തതിനാൽ ടൂറിസം അനുബന്ധമേഖലകളിൽ ഉണ്ടായ പുരോഗതിയുടെ വിവരങ്ങൾ പ്രസ്തുത സൈറ്റിൽ ലഭ്യമല്ല. ആയതിനാൽ ഈ സൈറ്റ് നിലനിർത്തേണ്ടത് അത്യാവശ്യമാണെന്ന് പഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### 3.6 അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്

മത്സ്യമേഖലയിൽ ഡിങ്കിവള്ളം, ട്യൂബ് നെറ്റ് എന്നീ പ്രോജക്ടുകളാണ് മുൻവർഷങ്ങളിൽ നടപ്പാക്കിയിരുന്നത്. ഇപ്പോൾ ഈ പ്രോജക്ടുകൾക്ക് ഗുണഭോക്താക്കൾ താരതമ്യേന കുറവാണ്. ആയതിനാൽ ചെലവുകുറഞ്ഞതും മത്സ്യഉത്പാദനം വർദ്ധിപ്പിക്കുന്നതുമായ 'സിഡ്കോ വള്ളവും വലയും' എന്ന പ്രോജക്ട് 2008–09 ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 15 പേരുള്ള ഒരു ഗ്രൂപ്പിന് ഏകദേശം 6 ലക്ഷം രൂപ ചെലവ് വരും. 50% സബ്സിഡിയോടെ നടപ്പാക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യം.

*******